Email- 26-03-20

**File No.EXC/1724/2020-XD3**

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 25/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC9/2020/EXCISE</u>**

വിഷയം:

**കോവിഡ്-19 നുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും പൂർണ ഭാഗിക അടച്ചിടൽ - ജോലി ക്രമീകരണം -സംബന്ധിച്ച്**

സൂചന:

**23.03.2020 ലെ സ.ഉ (എം.എസ് ) നം.49/2020/ ജി.എ.ഡി നമ്പർ ഉത്തരവ്**

സംസ്ഥാനത്തു കോവിഡ് -19 നുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും പൂർണ /ഭാഗിക അടച്ചിടലും സംബന്ധിച്ച് സർക്കാരിന്റെ സൂചന ഉത്തരവിന്റെ പശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എക്സൈസ് വകുപ്പിനെയും സംസ്ഥാനത്ത് അവശ്യ വകുപ്പുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ എക്സൈസ് വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകളും എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തേണ്ടതുണ്ട് .
2. കോവിഡ്-19 മായി ബന്ധപ്പെട്ട കർശന നിയന്ത്രണങ്ങളുടെയും പൂർണ /ഭാഗിക അടച്ചിടലുകളുമായി ബന്ധപെട്ടു സംസ്ഥാനത്തു വ്യാജ മദ്യം , കഞ്ചാവ്, മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവ അനിയന്ത്രിതമായി വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ എൻഫോഴ്സ്മെന്റ് പ്രവർത്തങ്ങൾ കാര്യക്ഷമമായി നടത്തേണ്ടതാണ്. ഇത് ഓഫീസ് മേലധികാരികൾ കർശനമായി ഉറപ്പുവരുത്തേണ്ടതാണ്.
3. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളല്ലാതെ അത്യാവശ്യം വേണ്ട ഭരണപരമായ ഫയലുകൾ മാത്രം കൈകാര്യം ചെയ്യേണ്ടതും അവശ്യം വേണ്ടുന്ന ജീവനക്കരെ മാത്രം ഇതിനായി നിയോഗിക്കുന്നതിനു വേണ്ട ക്രമീകരങ്ങൾ ഓഫീസ് മേധാവികൾ ഏർപ്പെടുത്തേണ്ടതുമാണ്. കഴിവതും സ്ത്രീ ജീവനക്കാരെ ഒഴിവാക്കേണ്ടതുമാണ്.
4. ജീവനക്കാർ തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനുള്ള നടപടികൾ കർശനമായി സ്വീകരിക്കേണ്ടതാണ്. അതിനായി അതാതു ഓഫീസിലെ മേലധികാരികൾ - ജീവനക്കാർക്കുവേണ്ടിയുള്ള മാസ്ക്, കയ്യുറ, സാനിറ്റൈസറുകൾ സോപ്പ് ലായിനികൾ എന്നിവ ആവശ്യത്തിന് വാങ്ങി ജീവനക്കാർക്ക് നൽകേണ്ടതും .അതാതു ഓഫീസുകളുടെ ചെലവിനത്തിൽ മാറേണ്ടതുമാണ്.
5. എല്ലാ ചെക്ക് പോസ്റ്റ് ജീവനക്കാരും കർശനമായും മാസ്ക്, കയ്യുറ ധരിക്കേണ്ടതും അതിനാവശ്യമായ സാനിറ്റൈസറുകൾ, മാസ്ക്, കയ്യുറ തുടങ്ങിയവയുടെ ലഭ്യത അതാതു മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
6. എല്ലാ എൻഫോഴ്സ്മെന്റ് ജീവനക്കാരും ഓഫീസ് ജീവനക്കാരും ടെലിഫോൺ /മൊബൈൽ ഫോൺ വഴി എപ്പോഴും ലഭ്യമായിരിക്കേണ്ടതാണ്.
7. ഒന്നിൽ കൂടുതൽ ജീവനക്കാർ ഒരുമിച്ചു ജോലി ചെയ്യേണ്ട സാഹചര്യങ്ങളിൽ കോവിഡ്-19 പ്രതിരോധവുമായി ബന്ധെപെട്ടു സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യക്തി ശുചിത്വവും അകലവും കർശനമായി പാലിക്കേണ്ടതാണ് .

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.03.25 15:19:10 IST
Reason: Approved

S. AANANTHAKRISHNAN IPS

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകർ:

1. അഡിഷണൽ എക്സൈസ് കമ്മിഷണർ (അഡ്മിനിസ്ട്രേഷൻ)
2. അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ്മെന്റ്)
3. എക്സൈസ് വിജിലൻസ് ഓഫീസർ
4. ജോയിന്റ് എക്സൈസ് കമ്മിഷണർ (എല്ലാം )
5. ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ(എല്ലാം )
6. ഐ .ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )
7. കരുതൽ ഫയൽ